**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **11-10-2021 - ൽ മറുപടിയ്ക്ക്**

**നവകേരളം കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നാല് വികസന മിഷനുകളിലൂടെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാല് വികസന മിഷനുകൾ വഴി വലിയ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. ഈ നേട്ടങ്ങൾ വിലയിരുത്തി, നിലവിലുള്ള പോരായ്മകൾ കൂടി പരിഹരിച്ച് മുന്നോട്ടുപോകുന്നതിനായി ഈ സർക്കാർ സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയേയും (Rebuild Kerala Initiative) ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി - 2 ന് രൂപം നൽകിയിട്ടുണ്ട്. നിലവിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം തന്നെ മിഷനുകൾ തമ്മിലും വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള ഏകോപനവും വിവിധ പദ്ധതികളുടെ സംയോജനവും ഉൾപ്പെടെ നവകേരളം കർമ്മപദ്ധതി സെല്ലിന്റെ നേതൃത്വത്തിൽ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഇവയെല്ലാം ചേർന്ന് വലിയ മാറ്റങ്ങൾ ഉണ്ടാക്കുംവിധത്തിലുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. |
| (ബി) | നവകേരളം കർമ്മ പദ്ധതിയുടെ ലക്ഷ്യവും പ്രവർത്തന പരിപാടിയും സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നവകേരളം കർമ്മ പദ്ധതിയുടെ 06.09.2021 തീയതിയിൽ നടന്ന സംസ്ഥാനതല യോഗത്തിൽ 25.09.2021 തീയതിയോടെ മാർഗ്ഗരേഖ കരട് തയ്യാറാക്കണമെന്ന് തീരുമാനിച്ചിരുന്നു. കരട് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി മിഷനിൽ പ്രവർത്തിച്ച വ്യക്തികൾ, ഓരോ രംഗത്തെയും വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ശില്പശാല 22.09.2021-ന് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് |

| | | | |
|---|---|---|---|
| | | | മാർഗ്ഗരേഖ ചർച്ചകൾക്കുശേഷം ആവശ്യമായ ഭേദഗതി വരുത്തി അന്തിമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിനായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലുണ്ടായിരുന്ന വികസന മിഷനുകളിൽ ഹരിതകേരളം മിഷൻ പോലുള്ളവ പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കിയിരുന്നത്. ഈ മാതൃക കൂടുതൽ വിപുലമാക്കി നവകേരളം കർമ്മ പദ്ധതി-2ന്റെ പ്രവർത്തനങ്ങളിൽ മുഴുവൻ വ്യാപിപ്പിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്. മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം, പകർച്ച വ്യാധിവ്യാപനം തടയൽ, പൊതുവിദ്യാലയ സംരക്ഷണം, പൊതുആസ്തികളുടെ സംരക്ഷണം എന്നിവയിലെല്ലാം സമൂഹത്തിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും, നേട്ടങ്ങൾ സുസ്ഥിരമാക്കാനും ഇതിലൂടെ സാധിക്കും. ഇതിനായി വിപുലമായ ക്യാമ്പയിനുകളും ജനകീയ വിദ്യാഭ്യാസ പരിപാടികളും നവകേരളം കർമ്മപദ്ധതി -2 ന്റെ ഭാഗമായി നടത്താൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ